# KARTHIKA NAIR MEMORIAL REHABILITATION CENTRE

FOR ORTHOPAEDICALLY HANDICAPPED

VALLAMKULAM.P.O., THIRUVALLA - 689 541 PATHANAMTHITTA

Phone 0469 - 2608176

e-mail : knmrc@rediffmail.com

Photo

## Application for Admission

| | |
|---|---|
| 1. Name of Applicant (in Capital) | M / F |
| 2. Full Address of Applicant with PIN Code | |
| 3. Contact Phone No. & Mob.No. | |
| 4. Date of Birth with Age<br>ജനന തീയതി തെളിയിക്കുന്ന രേഖ ഉള്ളടക്കം ചെയ്യുക | |
| 5. Religion with Community | |
| 6. If SC,ST or OBC | |
| 7. Aadhar. No. | |
| 8. Details of handicap<br>(അംഗവൈകല്യം വിശദമായി എഴുതണം. കോപ്പി വയ്ക്കണം) | |
| 9. Trade in which admission is sought for<br>1. Printing Technology<br>2. Typewriting(English & Malayalam)<br>3. Computer Education | |
| 10. Educational Qualification<br>(Attach copy of Certificate) | |
| 11. Name & Address of guardian with Relationship to the applicant | |
| 12. Occupation of Guardian | |
| 13. Annual income of Guardian | |

I hereby declare that the information furnished above are correct to the best of my knowledge and belief and I undertake to abide by the rules and regulations of the Institution.

Signature of the Applicant

Place :

Date :

Signature of the Guardian

FOR OFFICE USE ONLY

Admission No ..........................

Date of Admission ..........................

Trade .......................... Signature of Executive Director.

# KATHIKA NAIR MEMORIAL REHABILITATION CENTRE
# FOR ORTHOPAEDICALLY HANDICAPPED


**VALLAMKULAM P.O., THIRUVALLA 689 541,**
**PATHANAMTHITTA DIST, KERALA**
**PHONE : 0469 - 2608176**
**E - mail : knmrc@rediffmail.com**


**Recognised by Govt. of Kerala, vide G.O. (Rt) No. 424/73/LA &SWD dated 13/3/73**
**Recognised by Govt. of India**

## FOUNDER SHRI. G.P. NAIR

## പ്രോസ്പെക്ടസ് 2026

ബോംബെ ആസ്ഥാനമായി 1968 ൽ സ്ഥാപിക്കപ്പെട്ട കാർത്തിക നായർ സ്മാരക സമിതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ് വികലാംഗരുടെ തൊഴിൽ പരിശീലനവും പുനരധിവാസവും. ഈ ലക്ഷ്യം നേടുന്നതിന് വേണ്ടി 1971 നവംബറിൽ പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ വള്ളംകുളത്ത് കാർത്തിക നായർ മെമ്മോറിയൽ റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കപ്പെട്ടു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടു കൂടി നടത്തുന്ന ഈ സ്ഥാപനത്തിൽ പരിശീലനം പൂർണ്ണമായും സൗജന്യമാണ്. പാഠ്യപദ്ധതി സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പരിശീലനകാലാവധി 2 വർഷമാണ്. സിലബസ് പ്രകാരം വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികളെ ഒന്നാം വർഷം കെ. ജി. ടി. ലോവർ ഗ്രേഡ് പരീക്ഷയ്ക്കും, രണ്ടാം വർഷം ഹയർ ഗ്രേഡ് പരീക്ഷയ്ക്കും ചേർക്കുന്നതാണ്.

| I | **പരിശീലന വിഭാഗങ്ങൾ** | **കെ. ജി. ടി. പരീക്ഷ എഴുതുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത** | |
|---|---|---|---|
| 1. | **പ്രിന്റിംഗ് ടെക്നോളജി**<br>(ബുക്ക് ബയന്റിംഗ്,<br>സ്ക്രീൻ പ്രിന്റിംഗ്,<br>ഓഫ്സെറ്റ് പ്രിന്റിംഗ്,) | Std. VII | Pass |
| 2. | **ടൈപ്പ് റൈറ്റിംഗ്** (ഇംഗ്ലീഷ്, മലയാളം) | S. S. L. C | Pass |
| 3. | **കമ്പ്യൂട്ടർ എഡ്യുക്കേഷൻ** (D.T.P. (English & Malayalam) D.O.A,) | S. S. L. C | Pass |

## I അഡ്മിഷന് അർഹതയുള്ള വിഭാഗങ്ങൾ

1. കൈകാൽ സ്വാധീനമില്ലാത്തവർ.
2 ബധിരർ (പെൺകുട്ടികൾ മാത്രം).
3. ചെറിയ തോതിൽ ബുദ്ധിമാന്ദ്യം സംഭവിച്ചവർ (തൊഴിൽ പരിശീലിക്കാൻ കഴിവുള്ളവർ).
4. ഭാഗികമായി കാഴ്ചയുള്ളവർ.

## III അഡ്മിഷൻ

അപേക്ഷാഫോറവും ബന്ധപ്പെട്ട മറ്റു വിവരങ്ങളും ഈ ഓഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷാഫോറം പോസ്റ്റു വഴി ആവശ്യമുള്ളവർ 5/- രൂപ സ്റ്റാമ്പൊട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ 10 X 4.5 വലിപ്പമുള്ള കവർ സഹിതം അപേക്ഷിക്കേണ്ടതാണ്. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ 03/03/2026 തീയതിയ്ക്കകം **The Executive Director, K. N. M. R. Centre, Vallamkulam P.O., Thiruvalla. Pin - 689 541.** എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം കിട്ടുന്ന അപേക്ഷകളും അപൂർണ്ണമായ അപേക്ഷകളും പരിഗണിക്കുന്നതല്ല. 18 വയസ്സിനും 35 വയസ്സിനും ഇടയ്ക്കുള്ള വികലാംഗരുടെ അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർക്ക് പരീക്ഷയ്ക്ക് ചേരുവാൻ പറ്റുകയില്ലെങ്കിലും അവർക്ക് സൗജന്യമായി തൊഴിൽ പരിശീലനം നേടാവുന്നതാണ്. എല്ലാ വർഷവും **ഫെബ്രുവരി മാർച്ച് മാസങ്ങളിൽ അഡ്മിഷൻ നടത്തുന്നതും ഏപ്രിൽ ആദ്യത്തെ പ്രവർത്തി ദിവസം** ക്ലാസ്സ് ആരംഭിക്കുന്നതുമാണ്.

## IV ഇന്റർവ്യൂ.

യോഗ്യരായ അപേക്ഷകരെ കൂടിക്കാഴ്ചയ്ക്കായി ക്ഷണിക്കുന്നതാണ്. **ഇന്റർവ്യൂ സമയത്ത് അപേക്ഷകരോടൊപ്പം രക്ഷകർത്താവും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.** യാതൊരു കാരണവശാലും കൂടിക്കാഴ്ച കൂടാതെ പ്രവേശനം അനുവദിക്കുന്നതല്ല. ക്ഷണിക്കപ്പെടുന്ന അപേക്ഷകർ ഇന്റർവ്യൂ സമയത്ത് താഴെപ്പറയുന്ന ഒറിജിനൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

1. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ്.
2. അവസാനം പഠിച്ച വിദ്യാലയത്തിലെ മേലധികാരിയിൽ നിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റ്.
3. നിശ്ചിത ഫാറത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒരു ഫോട്ടോകോപ്പി സഹിതം).
4. ആധാറിന്റെ കോപ്പി

## V ക്ലാസ്

10 AM മുതൽ 4 PM വരെ. രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

## VI പ്രത്യേക പരിപാടികൾ

### 1. യോഗാ ക്ലാസ്

വിദഗ്ധനായ യോഗാ മാസ്റ്ററുടെ ശിക്ഷണത്തിൽ ആഴ്ചയിൽ 4 ദിവസം യോഗാ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

### 2. ആരോഗ്യ പരിശോധന

മാസത്തിൽ 4 ദിവസം വിദഗ്ധ ഡോകടർ കുട്ടികളെ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

## VII. താമസ സൗകര്യം

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും. **കാമ്പസിൽ മൊബൈൽ ഫോൺ അനുവദിക്കുന്നതല്ല**. എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 2 മുതൽ 4 വരെ ഓഫീസിലെ ലാന്റ് ഫോണിൽ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി സംസാരിക്കാവുന്നതാണ്.

## VIII കോഷൻ ഡിപ്പോസിറ്റ്

പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ ക്ലാസ് തുടങ്ങുന്നതിന് മുമ്പായി 3000/- രൂപ ഡിപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. പരിശീലന കാലയളവിൽ ഉപകരണങ്ങൾക്ക് നഷ്ടം വരുത്താത്ത പക്ഷം പരിശീലനം പൂർത്തിയാക്കി പിരിഞ്ഞു പോകുമ്പോൾ പ്രസ്തുത തുക മടക്കി നൽകുന്നതായിരിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**